ANNA PROPERTIES
PATHANAMTHITTA POPULAR FINANCE A DIVISION OF POPULAR GROUP | SINCE 1985
EXCITING IT EXPERIENCE SHEEJAS IT MALL
FLORA AIRPORT HOTEL KOCHI
Intersight Holidays


# വികസനത്തിനായി രാഷ്ട്രീയ സമവായമുള്ള നാട്

**സ്വപ്നം:** കേരളത്തിന്റെ തനതായ സാമൂഹ്യ, പാരിസ്ഥിതിക സവിശേഷതകളോട് വിട്ടുവീഴ്ച ചെയ്യാതെ പരിസ്ഥിതി സൗഹാർദപരവും സുസ്ഥിര സാമ്പത്തിക വികസനത്തിന് ഉതകുന്നതുമായ പദ്ധതികൾക്കു വേണ്ടി രാഷ്ട്രീയ സമവായമുള്ള നാടായി കേരളം മാറണമെന്നതാണ് എന്റെ സ്വപ്നം.

രാജ്യത്തു തന്നെ ഏറ്റവും മികച്ച മനുഷ്യവിഭവശേഷിയാണ് കേരളത്തിലേത്. വൈദഗ്ധ്യത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിനുപുറത്തും രാജ്യത്തിനു പുറത്തും മലയാളികൾ മറ്റാരേക്കാളും മുന്നിലാണ്. അത് അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്. പക്ഷേ ഇത്രമാത്രം പ്രതിഭാശാലികളും വിദഗ്ധരും വിദ്യാസമ്പന്നരും കഠിനാധ്വാനികളുമായ മലയാളികൾക്ക് മതിയായ തൊഴിൽ ലഭ്യമാക്കാനുള്ള സൗകര്യങ്ങൾ ദൗർഭാഗ്യവശാൽ സംസ്ഥാനത്തിനുള്ളിൽ ഇല്ലാതെ പോയി. ഈ മനുഷ്യസമ്പത്തിന്റെ ശേഷിയും പ്രതിഭയും സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ഉപയോഗിക്കാനുള്ള സമയമായിരിക്കുന്നു. സംസ്ഥാനത്തിന്റെ വികസനം, അതിന്റെ അതുല്യമായ മനുഷ്യവിഭവശേഷി ശരിയായ രീതിയിൽ ഉപയോഗിക്കുന്നതുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ മനുഷ്യ സമ്പത്ത് പൂർണമായും വിനിയോഗിക്കപ്പെടാനും സംസ്ഥാനം സാമ്പത്തികമായി ഉന്നതിയിലെത്താനും, നമ്മുടെ സർവകലാശാലകളിൽ നിന്നും മറ്റ് വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്നും പ്രതിവർഷം പഠിച്ചിറങ്ങുന്ന ആയിരക്കണക്കിന് ബിരുദധാരികൾക്കും ടെക്നീഷ്യന്മാർക്കും ആവശ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.

> **ഓരോ പൗരന്റെയും പ്രതിശീർഷ വരുമാനം വർധിപ്പിക്കുന്ന സാമ്പത്തിക വികസനം നാട്ടിലുണ്ടാകണമെന്നതായിരിക്കണം ലക്ഷ്യം**



**യാഥാർത്ഥ്യമാക്കാൻ:** • സംസ്ഥാനത്ത് വികസനം സാധ്യമാകാൻ അതിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് നാം ആദ്യം ചെയ്യേണ്ടത്. രാഷ്ട്രീയ നേതൃത്വത്തിന്റെയും ബ്യൂറോക്രാറ്റുകളുടെയും മാധ്യമങ്ങളുടെയും പിന്തുണയോടെയുള്ള ശക്തമായ പൊതുജനാഭിപ്രായം ഇക്കാര്യത്തിൽ അനിവാര്യമാണ്. കേരളത്തിലെ ഓരോ പൗരന്റേയും ജീവിതനിലവാരം ഉയർത്താനുതകുന്ന, പ്രതിശീർഷ ആഭ്യന്തര മൊത്ത ഉൽപ്പാദനത്തിന് ഗണ്യമായ സംഭാവന ചെയ്യുന്ന സാമ്പത്തിക വികസനം നാട്ടിലുണ്ടാകണമെന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഇക്കാര്യത്തിൽ രാഷ്ട്രീയ സമവായം ഉണ്ടാകുകയും വേണം

സാമ്പത്തിക വികസനത്തിന്റെ വിവിധ തലങ്ങളെ ഇങ്ങനെ വേർതിരിക്കാം.

- മികച്ച നിലവാരമുള്ള റോഡുകൾ, ജലപാതകൾ, റെയിൽവേ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവയ്ക്കൊപ്പം ശുദ്ധജലം, വൈദ്യുതി, വാർത്താവിനിമയം, മലിനജല നിർമാർജന സംവിധാനം, പരിസര ശുചീകരണം എന്നിവയ്ക്കുള്ള കിടയറ്റ സൗകര്യം
- ഏവർക്കും താങ്ങാൻ പറ്റുന്ന നിരക്കിലുള്ള, മതിയായ അടിസ്ഥാനസൗകര്യങ്ങളുള്ള സ്കൂളുകളിലെ ഉന്നത ഗുണമേന്മയുള്ള വിദ്യാഭ്യാസം. കിടയറ്റ, എന്നാൽ ചെലവ് കുറഞ്ഞ ആരോഗ്യപരിപാലനം. ഓരോ വിഭാഗത്തിനും അവരുടെ ധനസ്ഥിതിക്കനുസരിച്ച് താങ്ങാവുന്ന നിരക്കിലുള്ള താമസസൗകര്യം
- വിദ്യാസമ്പന്നരും വിദഗ്ധരുമായവർക്ക് തൊഴിൽ.
- മലിനീകരണമില്ലാത്ത, യാഥാർത്ഥ്യബോധത്തോടെ സന്തുലിതമായ പരിസ്ഥിതി
- ദാരിദ്ര്യനിർമാർജനം
- നിക്ഷേപ സൗഹൃദ അന്തരീക്ഷം

ഇന്ത്യയിൽവെച്ചേറ്റവും ഉയർന്ന പിക്യുഎൽ സൂചികയുള്ള (ഫിസിക്കൽ ക്വാളിറ്റി ഓഫ് ലൈഫ്) കേരളത്തിലെ സാമൂഹിക രംഗത്തെ വികസന സൂചികകൾ വികസിത രാജ്യങ്ങൾക്കു തുല്യമാണ്.

വൈദഗ്ധ്യവും കാര്യക്ഷമതയുള്ളതുമായ മാനവവിഭവ സമ്പത്ത്, വിദേശരാജ്യങ്ങൾ സന്ദർശിച്ചും ജോലി ചെയ്തും നേടിയ പരിചയം, മികവുറ്റ പ്രകൃതി സമ്പത്ത്, അറിവുള്ള ജനത, താരതമ്യേന മോശമല്ലാത്ത അടിസ്ഥാനസൗകര്യം തുടങ്ങിയവയെല്ലാം കേരളത്തിന്റെ ശക്തികളാണ്. അതുപോലെ തന്നെ കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് വിലങ്ങുതടിയാകുന്ന ദൗർബല്യങ്ങളുമുണ്ട്. വികസനത്തിനുവേണ്ട എല്ലാ വിഭവങ്ങളുമുണ്ടെങ്കിൽ പോലും നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിയാത്തതാണ് അതിൽ പ്രധാനം. മുൻകാലങ്ങളിലെ ചില അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കേരളം നിക്ഷേപത്തിന് യോജിച്ച സ്ഥലമല്ലെന്ന ധാരണ നിക്ഷേപകർക്കിടയിലുള്ളതും കേരള വികസനത്തിന് തടസമാകുന്നുണ്ട്. തൊഴിലാളി സംഘടനകളുടെ ക്രിയാത്മകമല്ലാത്ത നടപടികളെ കുറിച്ചുള്ള ചില ആശങ്കകൾ ഇപ്പോഴും നിക്ഷേപകരുടെ മനസിലുണ്ട്. ഇതും സംസ്ഥാനത്ത് വ്യവസായം തുടങ്ങാൻ മുന്നിട്ടിറങ്ങുന്ന സംരംഭകർക്ക് മുൻകാലങ്ങളിൽ ലഭിച്ച മനസുമടുപ്പിക്കുന്ന അനുഭവങ്ങളും കേരള വികസനത്തിന് ഇപ്പോഴും വിലങ്ങുതടിയാണ്. തൊഴിൽ രഹിതരുടെ എണ്ണം 50 ലക്ഷം കവിയുന്നു. സംസ്ഥാനത്തെ സർവകലാശാലകളിൽ നിന്നും കോളജുകളിൽ നിന്നും പഠിച്ചിറങ്ങുന്ന യുവ പ്രൊഫഷണലുകളെയും ബിരുദധാരികളെയും ഇവിടെ ഉപയോഗിക്കാൻ പറ്റാത്തതുകൊണ്ട് അവർ ജോലിയും അവസരവും തേടി പുറത്തുപോകുന്നു. ഈ മസ്തിഷ്ക ചോർച്ച വലിയ നഷ്ടമാണ് കേരളത്തിന് സൃഷ്ടിക്കുന്നത്.

രാഷ്ട്രീയ സമവായമില്ലാത്തതും രാഷ്ട്രീയ നേതൃത്വത്തിന് ദിശാബോധവും ആർജവവുമില്ലാത്തതും നിക്ഷേപക സമൂഹത്തിന്റെയും സംരംഭകരുടെയും ഉള്ളിൽ തങ്ങൾ പരാജയപ്പെടുമോയെന്ന അനാവശ്യ ഭീതി നിറയ്ക്കുന്നു. ഏതൊരു പദ്ധതി പ്രഖ്യാപിച്ചാലും അതിന് തടസം സൃഷ്ടിക്കാൻ ഇറങ്ങിപ്പുറപ്പെടുന്ന ചില സ്ഥാപിത താൽപ്പര്യങ്ങളും കേരളത്തിന്റെ വളർച്ചയ്ക്ക് കനത്ത ഭീഷണിയാണ് ഉയർത്തി കൊണ്ടിരിക്കുന്നത്.

വസ്തുതകൾ ഇതായിരിക്കെ, കേരള വികസനത്തിനുവേണ്ട ചില കാര്യങ്ങളിൽ അടിയന്തര ശ്രദ്ധ പതിയേണ്ടിരിക്കുന്നു. വിദ്യാഭ്യാസം, തൊഴിൽ, നിക്ഷേപ സൗഹൃദ അന്തരീക്ഷം എന്നിവയാണവ.

**വിദ്യാഭ്യാസം:** എന്റെ അഭിപ്രായത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സംവിധാനം അടിമുടി ഉടച്ചുവാർക്കണം. സാങ്കേതിക വിദ്യ പുരോഗതി നേടുന്നതോടെ ലോകം ചെറുതായി വരികയാണ്. ഇംഗ്ലീഷ് ലോകഭാഷയായും വളർന്നിരിക്കുന്നു. പക്ഷേ കേരളത്തിൽ ഇപ്പോഴും ഇതിനെ ഉൾക്കൊള്ളാൻ മടിയാണ്. അഭ്യസ്തവിദ്യർക്ക് സംസ്ഥാനത്തിനുള്ളിൽ തൊഴിൽ കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവർ അതിനായി പുറത്തുപോകേണ്ടിവരും. ഇംഗ്ലീഷ് അറിഞ്ഞില്ലെങ്കിൽ അവർക്കവിടെ ശോഭിക്കാനുമാകില്ല. അതുകൊണ്ട് എന്റെ ശക്തമായ അഭിപ്രായം ഒന്നാം ക്ലാസ് മുതൽ സയൻസ്, കണക്ക് തുടങ്ങിയ വിഷയങ്ങൾ ഇംഗ്ലീഷിൽ തന്നെ പഠിപ്പിക്കണമെന്നാണ്. സാമൂഹ്യപാഠവും മലയാളവും മലയാളത്തിൽ പഠിപ്പിക്കാം. ഹിന്ദിയും മൂന്നാംഭാഷയും അതത് ഭാഷകളിലും.

സ്കൂളുകളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കണം. ശുദ്ധമായ കുടിവെള്ളം, വൃത്തിയുള്ള ടോയ്‌ലറ്റുകൾ, ചോർച്ചയില്ലാത്ത ക്ലാസ് മുറികൾ എന്നിവയെല്ലാം വേണം. സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ മതിയായ ഫണ്ട് വകമാറ്റണം.

**പി.എൻ.സി മേനോൻ**
*ചെയർമാൻ,*
*ശോഭ ഡെവലപ്പേഴ്സ് ലിമിറ്റഡ്*

